THE FIRST INTERNATIONAL INDIAN NEWSPAPER

മാധ്യമം

Sep 10, 2016

# മത്തിക്കുപിന്നാലെ തിരണ്ടിയും കിട്ടാക്കനിയാകുന്നു

- 2012ൽ 40 ടൺ തിരണ്ടി ലഭിച്ചത് 2015ൽ അഞ്ച് ടണ്ണായി ചുരുങ്ങി

കൊച്ചി: മത്തിക്കുപിന്നാലെ തിരണ്ടിയും സ്രാവും കിട്ടാക്കനിയാകുന്നു. ഈ മീനുകളുടെ ലഭ്യത കുത്തനെ ഇടിഞ്ഞതായാണ് കണക്ക്. മത്തി (ചാള) ലഭ്യത 40 ശതമാനം കുറഞ്ഞിരുന്നു. തുടർന്ന് വില കുതിച്ചുയരുകയും ചെയ്തു.

'സ്രാവ്, തിരണ്ടി ഇനങ്ങൾ കഴിഞ്ഞവർഷം ഗണ്യമായി കുറഞ്ഞെന്ന് മത്സ്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്ന സി.എം.എഫ്. ആർ.ഐ (കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം) ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ പറഞ്ഞു. 2012ൽ 40 ടൺ തിരണ്ടി ലഭിച്ചപ്പോൾ 2015ൽ അത് അഞ്ച് ടണ്ണായാണ് ചുരുങ്ങിയത്. വംശനാശഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നവയാണ് ഈ മീനുകൾ.

സ്രാവ്, തിരണ്ടി വർഗങ്ങളുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ട് സി.എം.എഫ്. ആർ.ഐ നടത്തിയ ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, കയറ്റുമതിക്കാർ, ശാസ്ത്രജ്ഞർ തുടങ്ങിയവർ സംബന്ധിച്ചു. കുഞ്ഞുമത്സ്യങ്ങളെ പിടിച്ച് കടത്തുന്നതാണ് ഇവയുടെ വംശനാശത്തിന് കാരണമെന്ന് മത്സ്യത്തൊഴിലാളികൾ വിശദീകരിച്ചു. ഇത് തടയാൻ നടപടി വേണം. ഇതിന് ശാസ്ത്രസമൂഹവുമായി സഹകരിച്ച് പ്രവർത്തിക്കാൻ തയാറാണെന്നും മത്സ്യത്തൊഴിലാളികൾ പറഞ്ഞു.

കുഞ്ഞുമത്സ്യങ്ങളെ വൻതോതിൽ പിടിച്ചതുവഴി സ്രാവ്, തിരണ്ടി മത്സ്യങ്ങളിൽ ഗണ്യമായ കുറവ് വന്നതായി സി.എം.എഫ്. ആർ.ഐയുടെ പഠനത്തിൽ കണ്ടെത്തിയിരുന്നു. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികളിൽനിന്ന് വിട്ടുനിൽക്കാൻ മത്സ്യത്തൊഴിലാളികൾക്കിടയിൽ വ്യാപക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും യോഗത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു.

മത്സ്യത്തൊഴിലാളികളും ശാസ്ത്രസമൂഹവും സഹകരിച്ച് പ്രവർത്തിച്ചാലേ മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗം സാധ്യമാകൂവെന്ന് സി.എം.എഫ്.ആർ.ഐയിലെ ഡെമേഴ്സൽ ഫിഷറീസ് ഡിവിഷൻ തലവൻ ഡോ. പി.യു. സക്കറിയ അഭിപ്രായപ്പെട്ടു.

പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ശോഭ കിഴക്കൂടൻ, ഡോ. രേഖ ജെ. നായർ എന്നിവർ മത്സ്യത്തൊഴിലാളികളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. ഡോ. ആർ. നാരായണകുമാർ ആമുഖ പ്രഭാഷണം നടത്തി. മത്സ്യവിപണനം, കയറ്റുമതി രംഗത്തെ പ്രതിനിധികളും പങ്കെടുത്തു.